വളർച്ചാനിരക്കിൽ അടാട്ട് ഗ്രാമപഞ്ചായത്തിനെ സ്വാധീനിക്കുന്ന കാരണങ്ങളാണ്. 2011ലെ സെൻസസ് പ്രകാരം അടാട്ട് ഗ്രാമപഞ്ചായത്തിന്റെ സ്ത്രീ -പുരുഷാനുപാതം 1080 ആണ്.

**<u>കലാ – സാംസ്കാരിക മേഖല</u>**

പുറനാട്ടുകര, അടാട്ട്, അമ്പലംകാവ്, ചിറ്റിലപ്പിള്ളി, മുതുവറ എന്നിവിടങ്ങളിൽ പൊതു വായനശാലാ സൗകര്യം ലഭ്യമാണ്. ഒട്ടേറെ സാംസ്കാരിക സംഘടനകളും, കലാസമിതികളും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചിറ്റിലപ്പിള്ളി മൈതാനം ,പഞ്ചായത്ത് മിനി ഗ്രൗണ്ട് എന്നിവയും വിവിധതരം കലാ-കായിക മത്സരങ്ങൾക്കായി ഉപയോഗപ്പെടുത്തി വരുന്നു .

കലാ-കായിക-സാംസ്കാരികരംഗങ്ങളിൽ അതിമഹത്തായൊരു പാരമ്പര്യം അടാട്ട് ഗ്രാമപഞ്ചായത്തിനുണ്ട്. വായനശാലകൾ, ക്ലബ്ബുകൾ കേന്ദ്രീകരിച്ച് നടന്നിരുന്ന കലാ-കായിക-സാംസ്കാരിക പ്രവർത്തനങ്ങൾ വഴി ധാരാളം പ്രതിഭകളും അടാട്ട് ഗ്രാമപഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. വളരെ ഭംഗിയായും ചിട്ടയോടെയും നടന്നിരുന്ന പഞ്ചായത്ത് കലോത്സവത്തിന്റെ ഖ്യാതി ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഒരുപക്ഷേ, കേരളസർക്കാരിന് കേരളോത്സവം എന്ന ആശയത്തിലേക്ക് വഴിതെളിയിക്കാനും അടാട്ട് ഗ്രാമപഞ്ചായത്തിൽ നടന്നിരുന്ന പഞ്ചായത്ത് കലോത്സവം കാരണമായി എന്നു പറഞ്ഞാൽ ഒട്ടും അതിശയോക്തിയാവില്ല. മഹത്തായ ആ പാരമ്പര്യത്തിന്റെ ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിലെ കലാ സാംസ്കാരിക മേഖലകളിൽ സജീവ സാന്നിദ്ധ്യമായിട്ടുള്ള പല കലാകാരന്മാരും അടാട്ട് ഗ്രാമപഞ്ചായത്തിൽ ഇന്നും ഉണ്ട്. കഴിഞ്ഞ കാലങ്ങളിൽ കലാ-കായിക-സാംസ്കാരിക പ്രവർത്തനങ്ങളിൽ കലാസമിതികളുടെയും കലാകാരന്മാരുടെയും പ്രതിഭ തെളിയിക്കാനാവശ്യമായ വേദികളും അടാട്ട് ഗ്രാമപഞ്ചായത്ത് ആവിഷ്കരിക്കാറുണ്ടായിരുന്നു. പിന്നീട് പലകാരണങ്ങളാൽ അത്തരം വേദികൾ നഷ്ടമാവുകയോ അല്ലെങ്കിൽ വേണ്ടത്ര രീതിയിൽ സംഘടിപ്പിക്കപ്പെടുകയോ ഉണ്ടായിട്ടില്ല എന്നത് വേദനാജനകമായ ഒരു കാര്യമാണ്.

ഒരു പ്രദേശത്തിന്റെ ഉന്നമനമെന്നത് സാമ്പത്തികം, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത തുടങ്ങിയ ഭൗതികകാര്യങ്ങളിൽ മാത്രമല്ല വ്യക്തികളുടെ മാനസിക വികാസത്തിന്റെ കാര്യത്തിലും പ്രസക്തമാണ്. അതിനു അവരെ പ്രാപ്തരാക്കുന്നത് കലാ-കായിക-സാംസ്കാരിക പ്രവർത്തനങ്ങളിലൂടെയാണ് കടുത്ത സംഘർഷങ്ങളിൽക്കൂടിയും മത്സരങ്ങളിൽക്കൂടിയും ജീവിതം മുന്നോട്ടു കൊണ്ടുപോകേണ്ട വർത്തമാന കാലഘട്ടത്തിൽ വ്യക്തിയുടെ മാനസിക

ആരോഗ്യം വളരെ പ്രധാനപ്പെട്ടതാണ്. ഈ ഒരു സാഹചര്യത്തിൽ തീർച്ചയായും കലാ-കായിക-സാംസ്കാരിക രംഗങ്ങളിലെ സക്രിയമായ ഇടപെൽ. വായനശാലകൾ കലാസമിതികൾ, കലാ-കായിക-സാംസ്കാരിക രംഗങ്ങളിൽ കഴിവുതെളിയിച്ച് പഴയ കാല വ്യക്തികൾ എന്നിവരെ ഉൾപ്പെടുത്തി ചർച്ചചെയ്ത് അവരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കൂടി സ്വീകരിച്ച് പ്രവർത്തിച്ചാൽ കലാ-കായിക-സാംസ്കാരിക രംഗങ്ങളിലെ ഉന്നമനത്തിനും പഴയകാല പ്രൗഢിയിലേക്കും അടാട്ട് ഗ്രാമപഞ്ചായത്തിന് മുന്നേറാൻ കഴിയും.

**തൊഴിൽ രംഗം**

2011 – ലെ സെൻസസ് പ്രകാരം അടാട്ട് ഗ്രാമപഞ്ചായത്തിലെ തൊഴിൽ പങ്കാളിത്തം 38.57 ശതമാനവും തൊഴിലെടുക്കുന്നവരുടെ എണ്ണം 12331 ആണ്. സേവനമേഖലയിൽ പണിയെടുത്തു ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ കൂടുതൽ ഉള്ളത്. തൃശ്ശൂർ നഗരത്തിനോടുള്ള സാമീപ്യവും അടാട്ടിലെ തൊഴിൽ മേഖലയെ ഒരു പരിധി വരെ സ്വാധീനിക്കുന്നുണ്ട്. അടാട്ട് ഗ്രാമപഞ്ചായത്തിൽ പ്രധാന തൊഴിലാളികൾ 34.29 ശതമാനവും നാമമാത്ര തൊഴിലാളികൾ 4.28% ശതമാനവുമാണ്. കർഷകരും കാർഷിക തൊഴിലാളികളും ചേർന്ന് 6.34 ശതമാനമാണ്. കടിൽ വ്യവസായ തൊഴിലാളികളുടെ സംഖ്യ 2.5% ശതമാനമാണ്. കോൾ നിലങ്ങളും പാടശേഖരങ്ങളും താരതമ്യേന കൂടുതലായതിനാൽ കർഷകരുടെ സാന്നിധ്യം ബ്ലോക്കിലെ മറ്റു പഞ്ചായത്തുകളേക്കാൾ കൂടുതൽ അടാട്ടിൽ ഉണ്ട്. കർഷക തൊഴിലാളികളുടെ കാര്യത്തിൽ സമീപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അടാട്ട് ഗ്രാമപഞ്ചായത്തിന് ഒന്നാം സ്ഥാനമാണ്.

**ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പൊതുസ്ഥാപനങ്ങളുടെ പട്ടിക**

| സ്ഥാപനത്തിന്റെ പേര് | വാർഡ് |
|---|---|
| പഞ്ചായത്ത് ഓഫീസ്, പുറനാട്ടുകര | വാർഡ് 11 |
| ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, പുറനാട്ടുകര | വാർഡ് 11 |
| വെറ്റിനറി ഡിസ്പെൻസറി , പുറനാട്ടുകര | വാർഡ് 11 |
| വെറ്റിനറി സബ്സെന്റർ, ചിറ്റിലപ്പിള്ളി | വാർഡ് 2 |
| കുടുംബാരോഗ്യകേന്ദ്രം, പുറനാട്ടുകര | വാർഡ് 3 |
| ഹോമിയോ ഡിസ്പെൻസറി | വാർഡ് 2, വാർഡ് 12 |
| ആയുർവ്വേദ ഡിസ്പെൻസറി | വാർഡ് 16 |
| **വില്ലേജ് ഓഫീസുകൾ** | |
| വില്ലേജ് ഓഫീസ് പുറനാട്ടുകര | വാർഡ് 7 |

| | |
|---|---|
| വില്ലേജ് ഓഫീസ് ചിറ്റിലപ്പിള്ളി | വാർഡ് 1 |
| വില്ലേജ് ഓഫീസ് അടാട്ട് | വാർഡ് 18 |
| കൃഷിഭവൻ | വാർഡ് 11 |
| **പോസ്റ്റ് ഓഫീസുകൾ** | |
| അമല | വാർഡ് 10 |
| പുറനാട്ടുകര | വാർഡ് 14 |
| ചിറ്റിലപ്പിള്ളി | വാർഡ് 3 |
| പുഴയ്ക്കൽ ( മുതുവറ) | വാർഡ് 7 |
| അടാട്ട് ( ആമ്പലങ്കാവ് ) | വാർഡ് 17 |
| മാവേലി സ്റ്റോർ , മുതുവറ | വാർഡ് 7 |
| **കുടുംബക്ഷേമ കേന്ദ്രങ്ങൾ** | |
| പകൽവീട് | വാർഡ് 4 |
| കുടുംബാരോഗ്യ ഉപകേന്ദ്രം വാർഡ് | വാർഡ് 17 |
| പകൽവീട് | വാർഡ് 18 |
| KSEB ഇലക്ട്രിക്കൽ സെക്ഷൻ , പുറനാട്ടുകര | വാർഡ് 15 |
| **സഹകരണ സ്ഥാപനങ്ങൾ** | |
| അടാട്ട് ഫാർമേഴ്സ് ബാങ്ക് | വാർഡ് 11 |
| **ക്ഷീരോത്പാദക സഹകരണ സംഘം** | |
| ചിറ്റിലപ്പിള്ളി | വാർഡ് 2 |
| മുതുവറ | വാർഡ് 7 |
| പുറനാട്ടുകര ഫാർമേഴ്സ് സൂപ്പർമാർക്കറ്റ് | വാർഡ് 11 |
| അടാട്ട് ചന്ത | വാർഡ് 18 |
| **പൊതുമേഖലാ ബാങ്കുകൾ** | |
| ഫെഡറൽ ബാങ്ക് , ചിറ്റിലപ്പിള്ളി | വാർഡ് 2 |
| സൗത്ത് ഇന്ത്യൻ ബാങ്ക് ,അമല നഗർ | വാർഡ് 10 |
| ഐസിഐസിഐ ,അമല നഗർ | വാർഡ് 6 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അമല നഗർ | വാർഡ് 6 |
| യൂണിയൻ ബാങ്ക് , അമല നഗർ | വാർഡ് 6 |
| തൃശൂർ ജില്ലാ സഹകരണ ബാങ്ക് ,അമല നഗർ | വാർഡ് 6 |
| കേരള ഗ്രാമീൺ ബാങ്ക് , മുതുവറ | വാർഡ് 7 |
| ഫെഡറൽ ബാങ്ക് , പുഴയ്ക്കൽ | വാർഡ് 7 |
| കാത്തലിക് സിറിയൻ ബാങ്ക് | വാർഡ് 7 |
| കനറാ ബാങ്ക് | വാർഡ് 12 |

| | |
|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ , പുറനാട്ടുകര | വാർഡ് 14 |
| **അക്ഷയകേന്ദ്രങ്ങൾ** | |
| അടാട്ട് ചന്ത | വാർഡ് 18 |
| മുതുവറ | വാർഡ് 10 |
| അടസ്ഥാ മാർക്കറ്റ് ,അമലനഗർ | വാർഡ് 6 |
| ജനസേവന കേന്ദ്രങ്ങൾ -6 | വാർഡ് 1 , വാർഡ് 14 , വാർഡ് 10 , വാർഡ് 15 , വാർഡ് 17 , വാർഡ് 18 |
| സാക്ഷരതാ തുടർ വിദ്യാഭ്യാസ കേന്ദ്രം | വാർഡ് 11 |
| കുടുംബശ്രീ | വാർഡ് 11 |
| സാംസ്കാരിക നിലയങ്ങൾ -4 | വാർഡ് 3 ,വാർഡ് 8 ,വാർഡ് 12 ,വാർഡ് 15 |
| **ആശുപത്രികൾ** | |
| അമല മെഡിക്കൽ കോളേജ് | വാർഡ് 10 |
| മാനവസേവ കണ്ണാശുപത്രി | വാർഡ് 6 |
| അമല ആയുർവേദ ആശുപത്രി & റിസർച്ച് സെന്റർ | വാർഡ് 10 |
| **വിദ്യാഭ്യാസ സ്ഥാപനങ്ങൾ** | |
| IES COLLEGE OF ARCHITECTURE | വാർഡ് 2 |
| IES COLLEGE OF ENGINEERING | വാർഡ് 2 |
| IES PUBLIC SCHOOL | വാർഡ് 2 |
| വി വി സ്കൂൾ ചിറ്റിലപ്പിള്ളി | വാർഡ് 2 |
| അമല മെഡിക്കൽ കോളേജ് | വാർഡ് 10 |
| അമല കോളേജ് ഓഫ് നഴ്സിംഗ് | വാർഡ് 10 |
| കേന്ദ്രീയ വിദ്യാലയം പുറനാട്ടുകര | വാർഡ് 11 |
| Rashtriya Sanskrit Samsthan Deemed University | വാർഡ് 14 |
| ജി യു പി എസ് സ്കൂൾ ചൂരക്കാട്ടുകര | വാർഡ് 6 |
| ജി എൽ പി എസ് അടാട്ട് സ്കൂൾ | വാർഡ് 16 |
| സെന്റ് മേരീസ് യു പി സ്കൂൾ | വാർഡ് 8 |
| ശ്രീരാമകൃഷ്ണ ഗുരുകുല വിദ്യാമന്ദിരം ഹയർ സെക്കന്ററി സ്കൂൾ | വാർഡ് 13 |
| ശ്രീ ശാരദ ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ | വാർഡ് 14 |
| മേരി റാണി ഇംഗ്ലീഷ് മീഡിയം സ്കൂൾ | വാർഡ് 11 |
| ഭാരതീയ വിദ്യാപീഠം സ്കൂൾ | വാർഡ് 18 |

## 2. പ്രകൃതി ദുരന്തങ്ങളും അതിജീവനവും

2018 ലെ പ്രളയം

*അടാട്ട് ഗ്രാമപഞ്ചായത്തിൽ പ്രളയം ബാധിച്ച പ്രദേശങ്ങൾ*




2018 ലെ Flood Report പ്രകാരം, അടാട്ട് സാമാന്യ സുരക്ഷിത മേഖലയിൽ ഉൾപ്പെടുന്നു. 2018 ലെ പ്രളയം ഒഴിച്ചാൽ മുൻകാലങ്ങളിൽ എടുത്തു പറയാവുന്ന പ്രകൃതി ദുരന്തങ്ങളൊന്നും അടാട്ട് പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. വെള്ളപ്പൊക്കവും വരൾച്ചയും അടാട്ടിൽ സാധാരണ രീതിയിൽ കണ്ടു വരുന്നു. 2018 ലെ വെള്ളപ്പൊക്കത്തിൽ അടാട്ടിലെ ഏകദേശം 50 ശതമാനം സ്ഥലത്തിൽ മിത തീവ്രതയിൽ വെള്ളപ്പൊക്ക ഉയരം 300 സെൻറി മീറ്ററിൽ താഴെ ) വെള്ളപ്പൊക്കമുണ്ടായി. ഇവയിൽ കൂടുതൽ ഭാഗവും പാടശേഖര മേഖലയാണ്. വെള്ളപ്പൊക്കം മൂലം നിയന്ത്രണം വരുത്തേണ്ട വികസന പ്രദേശങ്ങൾ ഒന്നും ഇല്ല എന്നത് അടാട്ടിന്റെ ഭാവി വികസനത്തിന് നല്ലതാണ്.



വാർഡ് 17 ൽ ആമ്പലംക്കാവ് പ്രദേശത്ത് വെള്ളം കേറിയപ്പോൾ



## 3. വികസന നയവും തന്ത്രവും

ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ കാലഘട്ടത്തിൽ അടാട്ട് ഗ്രാമപഞ്ചായത്തിൽ ഗതാഗതയോഗ്യമായ ഏകദേശം 20 കിലോമീറ്റർ റോഡുകളും ജനപങ്കാളിത്തത്തോടെ സഞ്ചാരയോഗ്യമാക്കിയ വീതികറഞ്ഞ ചെമ്മൺപാതകൾ ഏകദേശം 118 കിലോമീറ്ററോളവും ഉണ്ടായിരുന്ന റോഡുകളിൽ ആവശ്യത്തിന് ഡ്രൈനേജ് സംവിധാനം ഉണ്ടായിരുന്നില്ല. ഈ ഡ്രൈനേജുകളിൽ വെള്ളം ഒഴുകി പോകുന്നതിന് ആവശ്യമായ കൾവർട്ട് ഉണ്ടായിരുന്നില്ല. ഭൂമിശാസ്ത്രപരമായി മൂന്ന് കുന്നുകൾ ചേർന്ന പ്രദേശമായതുകൊണ്ട് ചരിഞ്ഞ പ്രദേശങ്ങളിൽ റോഡുകളിൽ വെള്ളം കുത്തിയൊഴുകുന്നതുകൊണ്ട് റോഡുകൾക്ക് നാശം സംഭവിക്കുന്ന സ്ഥിതി ഉണ്ടായിരുന്നു സംസ്ഥാനപാതയിൽ പുഴയ്ക്കൽ മുതൽ മുതുവറ വരെയുള്ള റോഡ് തകർന്നു ഗതാഗത യോഗ്യമല്ലാതായിരുന്നു. പ്രധാന പാടശേഖരങ്ങളെ ബന്ധിപ്പിക്കുന്ന പുഴയ്ക്കൽ, ആമ്പക്കാട്, മാനിടം റോഡിലെ യാത്ര ക്ലേശകരമായിരുന്നു. ഭൂമിയുടെ ചെരിവ് കാരണം മഴവെള്ളം മണ്ണിൽ ആഴ്ന്നിറങ്ങാതെ പെട്ടെന്ന് ഒഴുകിപ്പോകുന്നത് മൂലം വേനൽക്കാലത്ത് കിണറുകളിൽ വെള്ളം കുറയുകയും കുടിവെള്ള ക്ഷാമം നേരിടുകയും ഉള്ള സ്ഥിതിയായിരുന്നു പഞ്ചായത്തിന് സ്വന്തമായി ശുദ്ധജല വിതരണ പദ്ധതികൾ ഉണ്ടായിരുന്നില്ല . പ്രദേശികമായി ജനങ്ങൾ ആശ്രയിക്കുന്ന പൊതുകിണറുകളോ പൊതുടാപ്പുകളോ കൂടുതൽ ഉണ്ടായിരുന്നില്ല . വാട്ടർ അതോറിറ്റി സ്ഥാപിച്ച പൊതുടാപ്പുകളിൽ പലപ്പോഴും ജലം ലഭിക്കാത്ത അവസ്ഥ ഉണ്ടായിരുന്നു ആയത് രൂക്ഷമായ ജലക്ഷാമത്തിന് വഴിയൊരുക്കുകയായിരുന്നു . പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ അടിസ്ഥാനസൗകര്യം കുറവായിരുന്നു. മതിയായ അംഗൻവാടികൾ ഉണ്ടായിരുന്നില്ല. ഉള്ളവയിൽ തന്നെ അടിസ്ഥാന സൗകര്യങ്ങൾ കുറവായിരുന്നു. പ്രൈമറി ഹെൽത്ത് സെൻറർ, ആയുർവേദ ആശുപത്രി, ഹോമിയോ ആശുപത്രി, കൃഷിഭവൻ, വെറ്റിനറി ഹോസ്പിറ്റൽ, സാംസ്കാരിക നിലയങ്ങൾ, വായനശാലകൾ, ഷോപ്പിങ് കോംപ്ലക്സ് , ഓഡിറ്റോറിയം എന്നിവയുടെ പ്രവർത്തനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. മാലിന്യസംസ്കരണ സംവിധാനം നല്ല രീതിയിൽ ഉണ്ടായിരുന്നില്ല. പാടശേഖരങ്ങളിലെ പടവുകൾ, ബണ്ടുകൾ, തടയണകൾ, എന്നിവയ്ക്ക് ആവശ്യമായ സംവിധാനം ഉണ്ടായിരുന്നില്ല . ജലസേചന സൗകര്യത്തിന് പ്രയോജനപ്പെടുന്ന രീതി ഉണ്ടായിരുന്നില്ല. പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട പഞ്ചായത്ത് ഗ്രൗണ്ട് യുവാക്കൾക്ക് കായികപരിശീലനം നടത്തുവാൻ ഉതകുന്ന വിധത്തിൽ ആയിരുന്നില്ല. ടൂറിസം, വിനോദസഞ്ചാരം എന്നീ മേഖലയിൽ വികസനത്തിന് പറ്റിയ

വിലങ്ങൻകുന്നിന് ആവശ്യം വേണ്ടുന്ന സൗകര്യങ്ങൾ, പുഴയ്ക്കൽ റിവർ ടൂറിസം പദ്ധതി എന്നിവയൊന്നും ഉണ്ടായിരുന്നില്ല.. പഞ്ചായത്തിന് സ്വന്തമായി പൊതു സംഭരണ വിതരണത്തിന് പറ്റിയ പൊതുമാർക്കറ്റ് ഉണ്ടായിരുന്നില്ല. കുടിൽവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് കുടുംബശ്രീ വിപണനകേന്ദ്രം നിലവിലുണ്ടായിരുന്നില്ല. അംഗൻവാടി ജീവനക്കാർ ആശാവർക്കർമാർ എന്നിവരുടെ സേവനം ജനങ്ങളിലേയ്ക്ക് ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരുന്നില്ല. വൈദ്യുതി എത്താത്ത തെരുവുകളും വീടുകളും ഉണ്ടായിരുന്നു. കാർഷികമേഖലയിൽ എല്ലാത്തരം വിളകളുടെയും ഉൽപാദനത്തിന് മെച്ചപ്പെട്ട രീതി ഉണ്ടായിരുന്നില്ല അടിയന്തിര പ്രാധാന്യമർഹിക്കുന്ന മേഖലകൾ – ആരോഗ്യം, കുടിവെള്ളം ,ഗതാഗതം, കൃഷി, ചെറുകിട വ്യവസായം, ഊർജ്ജം. 10, 11, 1,2 13 പഞ്ചവത്സര പദ്ധതികളുടെ ഭാഗമായി അടാട്ട് ഗ്രാമപഞ്ചായത്തിൽ വികസനോന്മുഖമായ മാറ്റം എല്ലാ മേഖലകളിലും ആനുപാതികമായി കൈവരിച്ചിട്ടുണ്ട്. ഗതാഗത മേഖലയിൽ പത്ത്, പതിനൊന്ന് പഞ്ചവത്സര പദ്ധതിയോടെ തന്നെ മൺറോഡുകൾ സോളിങ് നടത്തുകയുണ്ടായി പതിമൂന്നാം പഞ്ചവത്സര പദ്ധതിയോടെ നിലവിൽ ഏകദേശം 86 കിലോമീറ്റർ ടാർ റോഡ് ആണ് ഉള്ളത് . 3.6 കിലോമീറ്ററോളം കോൺക്രീറ്റ് റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. ടാർ റോഡിൽ ആവശ്യമായ ഇടങ്ങളിൽ ഡ്രൈനേജ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വെള്ളക്കെട്ട് ഉണ്ടാകുന്ന ഭാഗങ്ങളിൽ ക്രോസ് കൺവേർട്ട് നിർമിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി അവസാന വർഷങ്ങളിൽ എല്ലാ വാർഡുകളിലും ഒരു പ്രധാന റോഡിന് ഡ്രൈയിനേജ് നിർമ്മിച്ചിട്ടുണ്ട് യാത്ര സുഗമമാക്കുന്നതിന് ബേം (berm) കോൺക്രീറ്റ് നൽകിയിട്ടുണ്ട്. വളരെക്കുറച്ച ഭാഗം ഇന്റർലോക്ക് റോഡ് നിർമ്മിച്ചിട്ടുണ്ട് .

പുഴയ്ക്കൽ, ആമ്പക്കാട്, മാനിടം റോഡിന് ആവശ്യമായ ഡ്രൈയിനേജ് സംവിധാനം നൽകിയിട്ടുണ്ട്. വളരെ മോശപ്പെട്ട ഭാഗങ്ങളിൽ റീടാറിംഗ് നടത്തിയിട്ടുണ്ട്. നിലവിൽ ഏകദേശം 22 കിലോമീറ്ററോളം മൺറോഡുകളാണ് ഉള്ളത് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 1.5 കിലോമീറ്ററോളം കോൺക്രീറ്റ് റോഡ് നിർമിച്ചിട്ടുണ്ട്. 2018-19 കാലഘട്ടത്തിലുണ്ടായ പ്രളയത്തിൽ വെള്ളക്കെട്ട് ഉണ്ടായ ഭാഗങ്ങളിൽ ആവശ്യമായ ഡ്രൈയിനേജ് സൈഡ് പ്രൊഡക്ഷൻ, ഐറിഷ് ഡ്രെയിൻ എന്നിങ്ങനെ ഉൾപ്പെടുത്തി ചെയ്തിട്ടുണ്ട്.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പഞ്ചായത്തിന് സ്വന്തമായി കുടിവെള്ള പദ്ധതി ഉണ്ടെങ്കിലും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടത്ര പര്യാപ്തമായിട്ടില്ല. പൊതു കിണറുകൾ വൃത്തിയാക്കി കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പൊതു ടാപ്പുകൾക്ക് പുറമേ ഗാർഹിക കണക്ഷനുകൾ എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പൊതു കുളങ്ങൾ സംരക്ഷിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി വാട്ടർ അതോറിറ്റിയുമായി സംയുക്ത പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. പാടശേഖരങ്ങളിൽ ജലസേചനസൗകര്യം, മണ്ണ് സംരക്ഷണത്തിന് കയർഭൂവസ്ത്രം എന്നിവ ചെയ്തിട്ടുണ്ട് കാർഷികമേഖലയിൽ നല്ല മാറ്റങ്ങൾ വരുത്തുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ വർഷാവർഷങ്ങളിൽ അറ്റകുറ്റപ്പണി നടത്തിവരുന്നുണ്ട് .കൂടുതൽ ടോയ്‌ലറ്റ് സൗകര്യം, റൂഫ് മാറ്റുന്നത്, സീലിംഗ് ഉൾപ്പെടുത്തിയത്, സ്മാർട്ട് റൂം പെയിന്റിങ് എന്നിങ്ങനെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിച്ചിട്ടുണ്ട്. അടാട്ട് എൽ പി സ്കൂളിന് പുതിയ കെട്ടിടം നിർമിച്ചിട്ടുണ്ട് പഞ്ചായത്തിന് കീഴിൽ വാർഡ് 9 ൽ ഒഴികെ എല്ലാ വാർഡുകളിലും സ്വന്തമായി അംഗൻവാടികൾ ഉണ്ട് ഇവയിൽ എല്ലാം അറ്റകുറ്റപ്പണി നടത്തുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾക്ക പുറമേ ഷീറ്റിടൽ, ചുറ്റമതിൽ, മുറ്റം ടൈൽ വിരിക്കൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടിവെള്ളം, വൈദ്യുതി, ഗ്യാസ് എന്നിവ അംഗൻവാടികളിൽ ലഭ്യമാക്കിയിട്ടുണ്ട്. വാർഡ് 11 ന്റെ വാർഡ് 5 ലും പുതിയ അംഗൻവാടി കെട്ടിടം നിർമിച്ചിട്ടുണ്ട്. പ്രൈമറി ഹെൽത്ത് സെൻറർ കെട്ടിടം അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ഡോക്ടർ റൂം, ഫാർമസി, ലാബ്, സ്റ്റോർ റൂം, വെയിറ്റിങ് ഏരിയ എന്നിവ നവീകരിച്ചിട്ടുണ്ട്. എല്ലാ വർഷങ്ങളിലും അറ്റകുറ്റപ്പണി നടത്തി വരുന്നുണ്ട്. വൃദ്ധരായ ജനങ്ങൾക്ക് അലോപ്പതിയേക്കാൾ ആയുർവേദം ഫലപ്രദമായതിനാൽ, ആയുർവ്വേദ ആശുപത്രി കെട്ടിടം നവീകരിച്ച് സൗകര്യങ്ങൾ വർധിപ്പിച്ചിട്ടുണ്ട്.

വാർഡ് 12 ലും വാർഡ് 2 ലും ഹോമിയോ ഹോസ്പിറ്റൽ അറ്റകുറ്റപ്പണി നടത്തി വരുന്നുണ്ട്. വാർഡ് 12 ൽ പുതിയ ആശുപത്രി കെട്ടിടം പണിത് സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട് . വെറ്റിനറി ഹോസ്പിറ്റൽ, ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെ സീലിങ്, പെയന്റിംഗ് എന്നിവ ഉൾപ്പെടുത്തി പുതുക്കി പണിതിട്ടുണ്ട് . പഞ്ചായത്ത് ഓഫീസ് കെട്ടിടം നവീകരിച്ചിട്ടുണ്ട്. ആധുനിക രീതിയിൽ ഇ-സേവനങ്ങൾ ലഭിക്കുന്ന രീതി കൊണ്ടുവന്നിട്ടുണ്ട്. വൈദ്യുതി സംരക്ഷണം ലക്ഷ്യം വച്ചുള്ള

സോളാർ പദ്ധതി വിഭാവനം ചെയ്തിരുന്നു. പഞ്ചായത്ത് ഓഫീസിൽ പൊതുടോയ്‌ലറ്റ് ഓഫീസ് സംവിധാനം കൊണ്ടുവന്നിട്ടുണ്ട്. പഞ്ചായത്തിന്റെ ആസ്തിയിൽ വരുന്ന ഷോപ്പിങ് കോംപ്ലക്സ്, കെ.ആർ നാരായണൻ മെമ്മോറിയൽ ഹാൾ എന്നിവ അറ്റകുറ്റപ്പണി നടത്തി നവീകരിച്ചിട്ടുണ്ട്. കലാ സാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായുള്ള സാംസ്കാരിക നിലയങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. വൃദ്ധജനങ്ങളുടെ മാനസിക ഉല്ലാസം ലക്ഷ്യം വച്ചുള്ള പകൽവീട് നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നതും, കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടത്തി സൗകര്യങ്ങൾ വർദ്ധിപ്പിച്ചുപോരുന്നതുമാണ്. സംസ്ഥാനതലത്തിൽ ആകർഷിക്കുന്ന തരത്തിൽ പകൽവീട് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട് .

കുടുംബശ്രീ പ്രവർത്തകർക്ക് തൊഴിൽമേഖലയിൽ വികസനം ലക്ഷ്യം വച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിന് വാർഡ് 2 ൽ മൂന്ന് നിലകളിലായി ഒരു കെട്ടിടം നിർമ്മിച്ചിട്ടുണ്ട് . SC വനിതാ പരിശീലന കേന്ദ്രം, SC കുട്ടികളുടെ പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ , കുടുംബശ്രീ വിപണന കേന്ദ്രം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ജനങ്ങളുടെ ബാഹുല്യം കാരണം മാലിന്യസംസ്കരണം ഒരു വിഷയമായി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പാരിക്കാട് മാലിന്യ പ്ലാൻറ് നിർമ്മിച്ച് നല്ലരീതിയിൽ പ്രവർത്തിച്ചുപോന്നിട്ടുണ്ട്. പഞ്ചവത്സരപദ്ധതികളിൽ മാലിന്യ സംസ്കരണം എന്ന പദ്ധതി അത്തരത്തിൽ വിജയകരമായി ജനങ്ങൾക്ക് പ്രയോജനപ്പെട്ടിട്ടുള്ളതായി കാണാം. കൃഷി സംരക്ഷണത്തിന്റെ ഭാഗമായി നെൽകൃഷി പ്രോത്സാഹിപ്പിച്ചുപോരുന്നതും ചെറുകിട ജലസേചന പദ്ധതികൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നതുമാണ്.

പഞ്ചായത്തിന്റെ ആസ്തിയിലുള്ള ഗ്രൗണ്ട് നവീകരണം നടത്തിയിട്ടുണ്ട്. യുവജനങ്ങൾ കായിക പരിശീലനം നടത്തുവാൻ സഹായിച്ചിട്ടുണ്ട്. കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പുഴയ്ക്കൽ റിവർ ടൂറിസം പദ്ധതി നടപ്പിലാക്കിപോന്നിരുന്നു. ടൂറിസം ഡെവലപ്മെന്റ് പദ്ധതി ഉപയോഗപ്പെടുത്തി വിലങ്ങൻകുന്ന് വിനോദസഞ്ചാരത്തിന് ഉപയുക്തമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ നിലാവ് പദ്ധതി വഴി തെരുവുവിളക്കുകൾ, ആർദ്രം, സാന്ത്വനം പദ്ധതി വഴി ഡോക്ടറുടെ സേവനം എന്നിങ്ങനെ ഒട്ടേറെ പദ്ധതികൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിയോടെ നടപ്പിൽ വരുത്തിയിട്ടുണ്ട്.

പതിനാലാം പഞ്ചവത്സരപദ്ധതിയിൽ അടാട്ട് ഗ്രാമപഞ്ചായത്തിൽ പ്രധാനമായും നടപ്പിലാക്കേണ്ടത് ശുചിത്വം, മാലിന്യ സംസ്കരണം, കുടിവെള്ളം, ഗതാഗതം എന്നീ മേഖലയാണ്. നിലവിൽ ജനങ്ങളുടെ വർദ്ധനവ് പരിസ്ഥിതിയെ ബാധിക്കാത്ത തരത്തിൽ ശുചിത്വം, മാലിന്യ സംസ്കരണം എന്നതിന് ബോധവൽക്കരണ പരിപാടികൾ സ്വീകരിക്കേണ്ടതുണ്ട്. മാലിന്യ സംസ്കരണം ശാസ്ത്രീയമായ രീതിയിൽ ജനങ്ങൾക്ക് പ്രവർത്തികമാക്കുവാനുള്ള സംവിധാനം നടപ്പിലാക്കാവുന്നതാണ് .

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്തേണ്ടതുണ്ട്. ഈ കാലഘട്ടത്തിൽ ജനങ്ങൾ അനുഭവിക്കുന്ന കോവിഡ് പോലുള്ള പകർച്ച വ്യാധി പ്രതിരോധിക്കുന്നതിന് വ്യക്തിശുചിത്വം പരിസരശുചിത്വം എന്നിവയ്ക്ക് പ്രത്യേക പദ്ധതികൾ ഉൾപ്പെടുത്തണം. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നമ്മുടെ പഞ്ചായത്തിൽ തന്നെയുള്ള ചെറുകിട ജലസ്രോതസ്സുകൾ വൃത്തിയാക്കി ഫലപ്രദമായ രീതിയിലുള്ള സംവിധാനം കണ്ടെത്തണം. മൺറോഡുകൾ ടാറിങ് ചെയ്യേണ്ടതുണ്ട്. മോശമായ സ്ഥിതിയിലുള്ളവ അടിയന്തിരമായി റീടാറിങ് നടത്തുകയും ആവശ്യമായ ഡ്രൈനേജ് സംവിധാനവും കൊണ്ടുവരേണ്ടതുണ്ട്. പ്രളയബാധിത പ്രദേശങ്ങൾ കണ്ടെത്തി റോഡ് ഉയർത്തുകയും,, ഒപ്പം തന്നെ വെള്ളം ഒഴുകി പോകുന്നതിന് മാർഗ്ഗങ്ങൾ ഉണ്ടാക്കേണ്ടതായിട്ടുമുണ്ട്. പഞ്ചായത്തിന് സ്വന്തമായി ദുരിതാശ്വാസ ക്യാമ്പ് നടത്തുന്നതിനുള്ള സ്ഥലസൗകര്യം ഉണ്ടാക്കണം . പ്രൈമറി ഹെൽത്ത് സെന്റർ , പഞ്ചായത്ത് ഓഫീസ്, വെറ്ററിനറി ഹോസ്പിറ്റൽ, കൃഷിഭവൻ, എന്നിവയ്ക്ക് സ്ഥലം കണ്ടെത്തുകയും മാസ്റ്റർപ്ലാൻ തയ്യാറാക്കുകയും ചെയ്യാവുന്നതാണ് . പൊതുവിപണ കേന്ദ്രങ്ങൾക്ക് എന്നിവയ്ക്ക് സ്ഥലം കണ്ടെത്തി വികസന സംരംഭങ്ങൾ തുടങ്ങുവാൻ ലക്ഷ്യം വയ്ക്കാവുന്നതാണ്

അംഗൻവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾക്ക് പുറമേ കുട്ടികളുടെ മാനസിക വളർച്ച ലക്ഷ്യംവെച്ച് ചുമർചിത്രകല, കായിക വളർച്ചയ്ക്ക് ആവശ്യമായ സംവിധാനം ഉൾപ്പെടുത്തേണ്ടതുണ്ട്. മാനസിക വെല്ലുവിളികൾ അനുഭവിക്കുന്ന കുട്ടികൾക്കായി പ്രത്യേക പദ്ധതികൾ ഉൾപ്പെടുത്തണം. സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാവുന്നതാണ്. ബസ്സ് സ്റ്റാൻഡ് പരിസരം മലിനമാകാതിരിക്കുന്നതിന് പൊതു ടോയ്‌ലറ്റ് സംവിധാനം, വിശ്രമകേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുത്താവുന്നതാണ്. വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രത്യേകം പൊതുവിതരണ കേന്ദ്രങ്ങൾ ഉൾപ്പെടുത്താവുന്നതാണ്. എല്ലാ വീടുകളിലും തെരുവുകളിലും വൈദ്യുതി എത്തിക്കുക എന്നത്

ലക്ഷ്യം വയ്ക്കാവുന്നതാണ്. പഞ്ചായത്ത് ഓഫീസിനായി സോളാർ പദ്ധതി ഉൾപ്പെടുത്താവുന്നതാണ്. കാർഷികമേഖലയിൽ യുവാക്കളെ ആകർഷിക്കുന്ന വിധത്തിലുള്ള പദ്ധതികൾ ഉൾപ്പെടുത്താവുന്നതാണ് . വീടുകൾ അധികരിച്ചതിനാൽ വീടിന് ചുറ്റും ടൈൽ ഇട്ട് വെള്ളം ആഴ്ന്നിറങ്ങാൻ അനുവദിക്കാതിരിക്കുക മൂലമുള്ള ഭവിഷ്യത്ത്, മഴക്കുഴി, മഴവെള്ളസംഭരണി എന്നിവ ഉണ്ടാക്കുന്നതിന്റെ ആവശ്യകതയും തുടങ്ങിയ ബോധവൽക്കരണ പദ്ധതികൾ ഉൾക്കൊള്ളിക്കാവുന്നതാണ്. പുഴക്കൽ റിവർ ടൂറിസം പദ്ധതി വിപുലീകരിച്ച് വിനോദസഞ്ചാരത്തിന് ശ്രദ്ധ ആകർഷിക്കുന്ന പദ്ധതിയായി വിഭാവനം ചെയ്യാവുന്നതാണ് .വിലങ്ങൻകുന്ന് പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് ടൂറിസം പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതി ഉൾപ്പെടുത്താവുന്നതാണ്. വായനശാലകൾ സാംസ്കാരിക നിലയങ്ങൾ, പകൽ വീടുകൾ തുടങ്ങിയവയിലൂടെ, ജനപങ്കാളിത്തത്തോടെ സജീവമായ പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതിനുള്ള പദ്ധതികൾ ഉൾക്കൊള്ളിക്കാവുന്നതാണ്. സാംസ്കാരിക കലകൾ സംരക്ഷിക്കുന്നതിനും അടുത്ത തലമുറയ്ക്ക് പകർന്നു കൊടുക്കുന്നതിനുള്ള പദ്ധതി പഠനം നടത്തി സ്വീകരിക്കാവുന്നതാണ്.. പഞ്ചായത്ത് ഗ്രൗണ്ടുകൾ യുവാക്കളുടെ കായിക വികസനത്തിന് ലക്ഷ്യംവെച്ച് പുതിയ രീതിയിൽ ക്രമീകരിക്കാവുന്നതാണ്. കുട്ടികൾക്ക് മാത്രമായി ചിൽഡ്രൻസ് പാർക്ക് ഉൾപ്പെടുത്താവുന്നതാണ് .

എല്ലാ അപേക്ഷകളും ഓൺലൈൻ ആയതിനാൽ പഞ്ചായത്ത് ഓഫീസിൽ ഹെൽപ് ഡെസ്ക് സംവിധാനം ഉൾപ്പെടുത്താവുന്നതാണ്. കമ്പ്യൂട്ടർ പരിശീലനം, PSC കോച്ചിങ് എന്നിവ നടത്താനുള്ള പദ്ധതി ഉൾപ്പെടുത്താവുന്നതാണ്. ദാരിദ്ര്യനിർമ്മാർജ്ജനം, എല്ലാവർക്കും വീട് എന്നീ പദ്ധതികൾ പദ്ധതികൾ ഏറ്റെടുത്ത് വിജയിപ്പിക്കുന്നതിനുള്ള സംവിധാനം ആവിഷ്ക്കരിക്കേണ്ടതുണ്ട്. വൃദ്ധജനങ്ങൾക്ക് പെയിൻ ആൻഡ് പാലിയേറ്റീവ് സേവനപ്രവർത്തനങ്ങൾക്കുള്ള പദ്ധതി ഉണ്ടാകേണ്ടതുണ്ട്. മുൻ പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിച്ച, പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യാവുന്നതാണ്. പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട ശ്മശാനത്തിന്റെ പ്രവർത്തനത്തിനായി ജനങ്ങൾക്ക് തീരെ ഹാനികരമല്ലാത്ത രീതി ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ് .

അടാട്ട് - ആമ്പലംകാവ് - മുല്ലശ്ശേരി ഭാഗങ്ങളെ ബന്ധിപ്പിക്കുന്ന ബണ്ട് റോഡ് നിർമ്മിക്കാവുന്നതാണ്. തൃശ്ശൂർ നഗരത്തോട് അടുത്തു കിടക്കുന്ന പ്രദേശമായതിനാൽ വളരെ

വേഗത്തിൽ വികസനം വരുന്നതിനാൽ ഗ്രാമത്തിലെ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള പദ്ധതികൾ വിഭാവനം ചെയ്യുന്നതാണ്. പുഴയുടെ പുഴ മാലിന്യമുക്തമാക്കുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കാവുന്നതാണ്. ഈ കാലഘട്ടത്തിൽ പ്രകൃതി വാതകങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് പഞ്ചായത്തിന് സ്വന്തമായി ഇലക്ട്രോണിക് പവർ ചാർജിങ് സ്റ്റേഷൻ എന്ന പദ്ധതി വിഭാവനം ചെയ്യാവുന്നതാണ്. പെട്ടെന്നുണ്ടാകുന്ന ദുരന്തങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ, സ്വകാര്യ സ്കൂളുകൾ , സ്വകാര്യ ആശുപത്രികൾ എന്നിവയുടെ സേവനം ലഭ്യമാക്കുന്നതിന് പുതിയ പദ്ധതികൾ ലക്ഷ്യം വയ്ക്കാവുന്നതാണ്. യുവാക്കളിൽ കണ്ടുവരുന്ന ലഹരിമരുന്ന് ഉപയോഗം തടയുന്നതിന് ബോധവൽക്കരണ പദ്ധതികൾ വിഭാവനം ചെയ്യാവുന്നതാണ് .

**കാർഷിക മേഖല**



അടാട്ട് ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കാർഷിക മേഖലയെ ആശ്രയിച്ചാണ് ഉപജീവനം നടത്തുന്നത്. പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ 48.56 % ത്തിൽ പ്രധാന കൃഷിയായ നെൽകൃഷി വ്യാപിച്ചു കിടക്കുന്നു. സമുദ്രനിരപ്പിൽ നിന്നും 0.5 മീറ്റർ മുതൽ 1 മീറ്റർ വരെ താഴ്ന്ന് കിടക്കുന്ന കോൾ നിലങ്ങളിൽ ജൂൺ മാസം തുടങ്ങി നവംബർ മാസം വരെ

വെള്ളം നിറഞ്ഞ് കിടക്കുന്ന അവസ്ഥയിലായിരിക്കും . ഡിസംബർ മാസം മുതൽ മെയ് മാസം വരെ പുഞ്ച കൃഷി നടത്തിവരുന്ന വർഷത്തിൽ ഏകദേശം ജൂൺ മുതൽ നവംബർ വരെ ഈ കോൾ നിലങ്ങളിൽ സമുദ്രനിരപ്പിൽ നിന്ന് താഴ്ന്ന് കിടക്കുന്നതിനാൽ നവംബറിൽ മഴ തീരുന്നതോടെ ജലനിരപ്പ് താഴുകയും, കടലിൽ നിന്ന് ഉപ്പ് വെള്ളം കയറുന്നതിനുള്ള സാധ്യത ഉണ്ടാവുകയും ചെയ്യുന്നു. അതുകൊണ്ട് ഏനമാവ്', 'മുളയം', 'കൊട്ടൻകെട്ട് എന്നിവിടങ്ങളിൽ ബണ്ടുകൾ നിർമ്മിച്ച് ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റം നിയന്ത്രിച്ച കൊണ്ടാണ് ഇവിടത്തെ കോൾ നിലങ്ങളിൽ കൃഷി ഇറക്കുന്നത്. ഇതിൽ അടാട്ടിലെ കോൾ നിലങ്ങളെ ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റത്തിൽ നിന്ന് സംരക്ഷിക്കുന്നത് ഏനമാവ് ബണ്ടാണ്. വടക്കു പടിഞ്ഞാറൻ മൺസൂൺ മേഘങ്ങൾ മടങ്ങിപ്പോകുന്നത് വരെ ഈ കോൾനിലങ്ങളിൽ ജലനിരപ്പ് താഴുന്നില്ല എന്ന് കാണാം. അതിനുശേഷം ക്രമേണയായി ജലനിരപ്പ് താഴ്ന്ന് തുടങ്ങുകയും, മഴക്കാലത്തിനു ശേഷം പാടത്തെ വെള്ളം പുറത്തേയ്ക്ക് പമ്പ് ചെയ്ത് ചെയ്ത് കളഞ്ഞതിനുശേഷം കൃഷിയ്ക്ക് നിലമൊരുക്കുകയും ചെയ്യുന്നു. പഞ്ചായത്തിലെ നെൽവയൽ ഭൂമികളുടെ ആകെ വിസ്തൃതി 11.179 ചതുരശ്ര കിലോമീറ്റർ ആണ്. 1987 ൽ അടാട്ട് കൃഷിഭവൻ നിലവിൽ വന്ന സമയത്ത് വിരിപ്പ് 143 ഹെക്ടർ, മുണ്ടകൻ 242 ഹെക്ടർ, പുഞ്ച 1535 ഹെക്ടർ നെൽപ്പാടങ്ങളാണ് അന്ന് ഉണ്ടായിരുന്നത്.

**<u>1996 ലെ അവസ്ഥ</u>**

ഒന്നിനൊന്ന് തൊട്ടുകിടക്കുന്ന കോൾ പടവുകളും പാടശേഖരങ്ങളും വിലങ്ങൻകുന്ന്, ചെട്ടിക്കുന്ന് തുടങ്ങിയ കുന്നുകളും ഇവയുടെ താഴ്‌വരയും ചേർന്നതാണ് അടാട്ട് ഗ്രാമപഞ്ചായത്ത്. 23.02 ചതുരശ്ര കിലോമീറ്റർ വരുന്ന അടാട്ട് പഞ്ചായത്ത് പ്രദേശത്ത് 142 .8 2 ഹെക്ടർ വിരിപ്പ നെൽകൃഷി 242 ഹെക്ടർ വിരിപ്പും മുണ്ടകനും 1150 ഹെക്ടർ പുഞ്ചകൃഷിയും 285 ഹെ. തെങ്ങും 198 ഹെക്ടർ കവുങ്ങും 50 ഹെക്ടർ വാഴയും 10 ഹെക്ടർ മരച്ചീനിയും 20 ഹെക്ടർ കുരുമുളകും തുടങ്ങി മറ്റു പല കൃഷികളും ചെയ്തുവന്നിരുന്നു. ഇതിൽ ഏറിയ പങ്കും നെൽകൃഷിയാണ്.

പച്ചക്കറി കൃഷി വളരെ കുറഞ്ഞ തോതിലാണ് ചെയ്തിരുന്നത്. അമിതമായ കീടനാശിനി പ്രയോഗവും കാർഷിക തൊഴിലാളികളുടെ ദൗർലഭ്യം, അമിതമായ കൂലി എന്നിവ

കാർഷികമേഖലയിലെ പ്രധാന പ്രശ്നങ്ങളായിരുന്നു. കൃഷിയിൽ ജലസേചന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ട അവസ്ഥയുണ്ടായിരുന്നു . കുറഞ്ഞ ഉൽപ്പാദനക്ഷമതയും കാർഷികോൽപ്പന്നങ്ങൾക്ക് അർഹമായ വില ലഭിക്കാത്ത അവസ്ഥയും ഉണ്ടായിരുന്നു.

കോൾപടവ് മേഖലയിൽ ചാത്തൻകോൾ പൂപ്പിലക്കാട് പടവുകളിൽ മൂന്നു പൂവ്വൽ കൃഷി നടത്തി വന്നിരുന്നു എന്ന് 1996 ലെ വികസനരേഖ വ്യക്തമാക്കുന്നു . വിരിപ്പ് 142-182 ഹെക്ടർ, വിരിപ്പം മുണ്ടകനുമായി 242 ഹെക്ടർ, പുഞ്ച 1550 ഹെക്ടർ നെൽക്കൃഷിയാണ് അന്ന് ഉണ്ടായിരുന്നത്. 285 ഹെക്ടർ തെങ്ങും , 198 ഹെക്ടർ തെങ്ങും, 198 ഹെക്ടർ കവുങ്ങും, 50 ഹെക്ടർ വാഴയും , 10 ഹെക്ടർ മരച്ചീനിയും , 20 ഹെക്ടർ കുരുമുളകും, 20 ഹെക്ടർ കശുമാവും മറ്റുപല കൃഷികളും ചെയ്തിരുന്നു. കർഷകത്തൊഴിലാളി ദൗർലഭ്യവും, അമിതമായ കൂലിയും അന്നും പ്രശ്നങ്ങളായി ഉന്നയിക്കപ്പെട്ടിട്ടുള്ളതും അന്യസംസ്ഥാന കർഷക തൊഴിലാളികൾ വന്നില്ലെങ്കിൽ പല കൃഷികളും ചെയ്യാനാവാത്ത സ്ഥിതിവിശേഷമാണെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളതുമാണ് .

<u>നിലവിലെ അവസ്ഥ</u>

തൃശ്ശൂർ ജില്ലയിലെ പ്രധാന നെൽകൃഷി മേഖലയായ അടാട്ട് ഗ്രാമപഞ്ചായത്ത് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ സമഗ്രമായ നെൽകൃഷി വികസനം ലക്ഷ്യമിട്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് . നെൽകൃഷിക്ക് അത്യുല്പാദനശേഷിയുള്ള വിത്ത് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക വഴി കൃഷി ചിലവ് കുറയ്ക്കുവാനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. സമഗ്ര ജൈവാധിഷ്ഠിത നെൽകൃഷി വികസന പദ്ധതിയിലൂടെ ജൈവകൃഷി രീതികളെ പ്രോത്സാഹിപ്പിക്കുവാനും അതുവഴി അമിതമായ കീടനാശിനി പ്രയോഗം കുറയ്ക്കുവാനും സാധിച്ചിട്ടുണ്ട്. അമിതമായ കൂലി ചെലവ് ഒരു പ്രധാന പ്രശ്നമായതിനാൽ നെൽകൃഷിയ്ക്ക് കൂലിച്ചെലവ് ഇനത്തിൽ സബ്സിഡി നൽകുന്നതു വഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. തെങ്ങുകൃഷി വികസനം, പച്ചക്കറിവിത്ത് വിതരണം ഫലവൃക്ഷതൈ വിതരണം, ഗ്രോബാഗ് വിതരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുക വഴി മറ്റ് കൃഷികൾക്ക് പ്രോത്സാഹനം നൽകുവാനും ഉൽപ്പാദനം മെച്ചപ്പെടുത്തുവാനും സാധിച്ചിട്ടുണ്ട്.

ഫാം റോഡുകൾ, യന്ത്രവത്കരണം ഉൾപ്പെടെ അടിസ്ഥാന സൗകര്യ മേഖലകളിൽ ഒട്ടേറെ പുരോഗതി കൈവരിക്കാനായിട്ടുണ്ടെങ്കിലും മാറിയ പാരിസ്ഥിതിക സാഹചര്യങ്ങൾ മൂലം ഇന്ന് ഏകദേശം 1100 ഹെക്ടർ പുഞ്ച കൃഷി മാത്രമായി നെൽകൃഷി ചുരുങ്ങിയിട്ടുണ്ട്. പീച്ചി, ചിമ്മിനി ഡാമുകളിൽ നിന്നാണ് ഇവിടത്തെ പുഞ്ച കൃഷിയ്ക്ക് അവസാനകാലത്തേക്കുള്ള

വെള്ളം ലഭ്യമാക്കുന്നത്. വിവിധ വാർഡുകളിലൂടെ കടന്നു പോകുന്ന കെ.എൽ.ഡി.സി യുടെ കനാലുകൾ വഴിയാണ് പഞ്ചായത്തിലെ കോൾ കൃഷിയ്ക്ക് വെള്ളം എത്തിക്കുന്നത്. കൂടാതെ പഞ്ചായത്ത് പ്രദേശത്തെ കിണറുകളും, കുളങ്ങളും വഴിയും വിവിധ കൃഷികൾക്കാവശ്യമായ ജലസേചനം ലഭ്യമാകുന്നു. ആധുനിക രീതിയിലുള്ള വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്, പഴയ പെട്ടി പറ സമ്പ്രദായം എന്നിവ ഉപയോഗിച്ച് കോൾ നിലങ്ങളിലെ വെള്ളം വറ്റിച്ചാണ് കൃഷിയ്ക്ക് ആവശ്യമായ ഭൗതിക സൌകര്യങ്ങൾ ഒരുക്കുന്നത്. നെൽകൃഷി പൂർണ്ണമായും പാടശേഖര സമിതികൾ മുഖേനയുള്ള കൂട്ടുകൃഷി സമ്പ്രദായത്തിലൂടെയാണ് നടപ്പിലാക്കുന്നത്. പുറനാട്ടുകരയിലുള്ള അടാട്ട് ഗ്രാമപഞ്ചായത്ത് കെട്ടിടത്തിന്റെ താഴത്തെ നിലയിലാണ് കൃഷിഭവൻ പ്രവർത്തിക്കുന്നത്.

നെൽകൃഷിയ്ക്കാവശ്യമായ ചിലവുകൾ കണ്ടെത്തുന്നതിന് തിരഞ്ഞെടുക്കപ്പെട്ട കോൾപ്പടവ് കമ്മിറ്റികൾക്ക് നിയമാനുസൃതമായ വായ്പാ സൌകര്യങ്ങൾ അടാട്ട് ഫാർമേഴ്സ് ബാങ്ക് അനുവദിക്കുന്നു. കർഷകർക്ക് ആവശ്യമായ വിത്ത് അംഗീകൃത ഏജൻസികളിൽ നിന്ന് ലഭ്യമാക്കി അടാട്ട് ഫാർമേഴ്സ് ബാങ്കിന്റെ ഗോഡൌണിൽ നിന്ന് വിതരണം ചെയ്യുന്നു. ടില്ലർ, ട്രാക്ടർ ഉപയോഗിച്ച് ഉഴുത് തയ്യാറാക്കിയ നിലത്തിൽ നെൽവിത്ത് അതാത് സാഹചര്യം അനുസരിച്ച് വിതയ്ക്കുകയോ, ഞാറ്റടി തയ്യാറാക്കി നടീൽ നടത്തുകയോ ചെയ്യുന്നു. 120 ദിവസം കാലാവധിയുള്ള ജ്യോതി, ഉമ നെൽവിത്തുകളാണ് സാധാരണയായി ഉപയോഗിക്കുന്നത്. കൃഷി ഓഫീസറുടെ നേതൃത്വത്തിൽ മണ്ണ് പരിശോധിച്ച ശുപാർശയനുസരിച്ച് ആവശ്യത്തിന് നീറ്റുകക്ക മണ്ണിൽ ചേർത്താണ് നിലം ഒരുക്കുന്നത്. കാർഷിക ജോലികൾക്കായി പഞ്ചായത്തിൽ നിന്ന് ആവശ്യമായ തൊഴിലാളികൾ ലഭ്യമല്ലാത്തതിനാൽ അന്യസംസ്ഥാന തൊഴിലാളികളെ ഉപയോഗപ്പെടുത്തിയാണ് കൃഷി നടപ്പാക്കുന്നത്. ചെറിയ കോൾപ്പാടങ്ങളിൽ മാത്രം ഉടമസ്ഥൻ തന്നെ കൃഷി ചെയ്യുന്ന സ്ഥിതിവിശേഷവും ഉണ്ട്. ആവശ്യമായ സമയങ്ങളിൽ കൃത്യമായ വളപ്രയോഗങ്ങളും, കീടനിയന്ത്രണങ്ങളും, ജലനിയന്ത്രണങ്ങളും നടത്തുകയും ചെയ്യുന്നു. വിളവെടുപ്പിന് പാകമായി നെല്ല് കൊയ്ത്ത് യന്ത്രങ്ങൾ ഉപയോഗിച്ച് വിളവെടുപ്പ് നടത്തുന്നു. കർഷകരുടെ ആവശ്യത്തിന് ശേഖരിച്ചതിന് ശേഷം ബാക്കി വരുന്ന നെല്ല് സംസ്ഥാന സർക്കാരിൻറെ സിവിൽ സപ്ലൈസ് സംവിധാനം വഴി കർഷകർ വിപണനം ചെയ്യുകയും, ആയതിന് ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള വില കർഷകരുടെ ബാങ്ക് അക്കൌണ്ടിലേക്ക് ലഭിക്കുകയും ചെയ്യുന്നു. ഒരു ഏക്കർ നിലവിൽ നിന്ന് ഏകദേശം 25 ക്വിന്റൽ മുതൽ 31 ക്വിന്റൽ വരെ നെല്ല് കർഷകർക്ക് വിളയായി ലഭിക്കുന്നുണ്ട്. മുൻകാല ങ്ങളിൽ അടാട്ട് ഫാർമേഴ്സ് ബാങ്കിന്റെ നേതൃത്വത്തിൽ അടാട്ട് മട്ട അരി (ജൈവ) ഉത്പാദിപ്പിച്ച്, അടാട്ട്

ഫാർമേഴ്സ് ബാങ്കിൻറെ നേതൃത്വത്തിലുള്ള "ഫാർമേഴ്സ് സൂപ്പർമാർക്കറ്റ് " വഴി വിറ്റഴിച്ചിരുന്നു. എന്നാൽ ഭാരിച്ച ഉത്പാദന ചിലവും,

| പാടശേഖര സമിതി വിവരങ്ങൾ | | | | | |
|---|---|---|---|---|---|
| ക്രമ | പാടശേഖരത്തിന്റെ പേര് | അന്ന് | | ഇന്ന് | |
| | | വിസ്തീർണ്ണം ഹെക്ടറിൽ | കർഷകരുടെ എണ്ണം | വിസ്തീർണ്ണം ഹെക്ടറിൽ | കർഷകരുടെ എണ്ണം |
| 1 | നാല് മുറി കോൾ പടവ് | 400 | 251 | 150 | 142 |
| 2 | കരുടാൻ ആക്കറ്റാൻ | ------ | ---- | 250 | 180 |
| 3 | പായ് കോൾ പടവ് | 110 | 185 | 110 | 146 |
| 4 | പണ്ടാര കോൾ പടവ് | 40 | 96 | 40 | 87 |
| 5 | കടവിൽ കോൾ പടവ് | 42 | 122 | 40 | 104 |
| 6 | തിരുത്തിൻ താഴം കോൾ പടവ് | 40 | 104 | 40 | 96 |
| 7 | ചിരുകണ്ടത്ത് കോൾ പടവ് | 70 | 132 | 65 | 121 |
| 8 | പുള്ളർ കരിക്കകോൾ പടവ് | 40 | 95 | 40 | 85 |
| 9 | പുത്തൻകോൾ | 116.8 | 287 | 116.8 | 272 |
| 10 | ചൂരക്കാട്ടുകര കോൾ പടവ് | 103.79 | 342 | 99 | 322 |
| 11 | ഒമ്പതുമുറി കോൾ പടവ് | 35 | 75 | 35 | 63 |
| 12 | ചാത്തൻ കോൾ പടവ് | 150 | 552 | 145 | 500 |
| 13 | കറുത്താണി കോൾ പടവ് | 178.05 | 260 | 170 | 241 |
| ആകെ | | 1325.64 | 2501 | 1300.8 | 2359 |

കാർഷിക ജോലികൾക്ക് ആളുകളെ ലഭിയ്ക്കാനുള്ള ബുദ്ധിമുട്ട് എന്നിവ കാരണം ബാങ്കിന്റെ നേതൃത്വത്തിലുള്ള ജൈവ മട്ട അരി ഉത്പാദനം പൂർണ്ണമായി നിലച്ചിരിക്കുന്നു.

നെല്ല് കൂടാതെ അടാട്ട് ഗ്രാമപഞ്ചായത്തിൽ കൃഷി ചെയ്യപ്പെടുന്ന പ്രധാന

കാർഷികോൽപ്പന്നങ്ങളാണ് തേങ്ങാ, അടയ്ക്ക, കുരുമുളക്, മരച്ചീനി, കശുമാവ്, ജാതി, നേന്ത്രവാഴ, മറ്റുവാഴകൾ, പച്ചക്കറികൾ മുതലായവ. മുഖ്യതോട്ടവിളകളായ തെങ്ങ്, കവുങ്ങ് എന്നിവയുടെ വിളവർദ്ധനവ് ആശ്രയിച്ചിരിക്കുന്നത് ഭൂഗർഭജലത്തെയാണ്.

**അടാട്ട് ഗ്രാമപഞ്ചായത്തിലെ പ്രധാന വിളകളും ഉത്പാദനക്ഷമതയും**

| കൃഷികളുടെ പേരും പട്ടികയും | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ ന | വിള | വിസ്തീർണ്ണം ഹെക്ടർ | | മൊത്തം ഉത്പാദനം ടൺ | | ഉത്പാദന ക്ഷമത ഹെക്ടറിൽ | |
| | | അന്ന് | ഇന്ന് | അന്ന് | ഇന്ന് | അന്ന് | ഇന്ന് |
| 1 | നെല്ല് | 1550 | 1100 | 6200 | 7150 | 4 t/h | 6.5 t/h |
| 2 | നാളികേരം | 220 | 300 | 1600000 (nos) | 2200000 (nos) | 72.22 nos/h | 73.33 nos/h |
| 3 | അടയ്ക്ക | 400 | 100 | 920 | 200 | 2.3 t/h | 2 t/h |
| 4 | കുരുമുളക് | --- | 23 | ---- | 101.2 | ---- | 4.4 |
| 5 | മരച്ചീനി | ---- | 10 | ---- | 300 | ---- | 30 |
| 6 | കശുവണ്ടി | 100 | 10 | ---- | 55 | ---- | 5.5 |
| 7 | ജാതിക്ക | ---- | 5 | ---- | 23.5 | ---- | 4.7 |
| 8 | നേന്ത്ര വാഴ | ---- | 10 | ---- | 450 | ---- | 45 |
| 9 | മറ്റു വാഴകൾ | ---- | 40 | ---- | 1200 | ---- | 30 |
| 10 | പച്ചക്കറി | ---- | 5 | ---- | 25 | ---- | 5 |

പ്രധാനമായി കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള കേരശ്രീ വെളിച്ചെണ്ണ യൂണിറ്റ്, അടാട്ട് ഫാർമേഴ്സ് മില്ലിന്റെ നേതൃത്വത്തിലുള്ള വെളിച്ചെണ്ണ യൂണിറ്റ് എന്നിവ അടാട്ട് ഗ്രാമപഞ്ചായത്തിലെ മുഖ്യ കൃഷി ഉത്പ്പന്നങ്ങളിൽ ഒന്നായ തേങ്ങ (നാളികേരം) നേരിട്ട്

ശേഖരിച്ച് സംഭരിക്കുകയും, വെളിച്ചെണ്ണയാക്കി വിപണിയിൽ മാർക്കറ്റ് ചെയ്യുകയും ചെയ്യുന്നു. കേരശ്രീ വെളിച്ചെണ്ണ യൂണിറ്റ്, അടാട്ട് ഗ്രാമപഞ്ചായത്തിനോട് ചേർന്ന് കിടക്കുന്ന പഞ്ചായത്തുകളിൽ നിന്ന് ചെറിയ ഓർഡറുകൾ സ്വീകരിച്ച് അവിടെ വെളിച്ചെണ്ണ വിതരണം ചെയ്യുകയും ചെയ്യുന്നു. അടാട്ട് ഫാർമേഴ്സ് മില്ലിൽ ഉത്പാദിപ്പിക്കുന്ന വെളിച്ചെണ്ണ, അടാട്ട് ഫാർമേഴ്സ് ബാങ്കിന്റെ കീഴിലുള്ള അടാട്ട്, പുറനാട്ടുകര എന്നിവിടങ്ങളിലുള്ള രണ്ട് സൂപ്പർമാർക്കറ്റ് വഴി വിറ്റഴിക്കുന്നു. അടാട്ട് ഗ്രാമപഞ്ചായത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന മറ്റ് കാർഷിക ഉത്പന്നങ്ങൾ മുതുവറ പ്രദേശത്ത് താൽക്കാലികമായി കെട്ടിയുണ്ടാക്കിയ ഷെഡുകളിൽ നടത്തപ്പെടുന്ന "ആഴ്ചചന്ത" വഴി വ്യാഴം, വെള്ളി, ശനി എന്നീ ദിവസങ്ങളിൽ വിറ്റഴിക്കുന്നു. ഈ ആഴ്ച ചന്തകളിൽ അടാട്ട് ഗ്രാമപഞ്ചായത്തിനോട് ചേർന്ന് കിടക്കുന്ന പഞ്ചായത്തുകളിൽ നിന്നുള്ള ആളുകൾ കൂടി തേങ്ങ, അടയ്ക്ക, കുരുമുളക്, വാഴപ്പഴങ്ങൾ, പച്ചക്കറികൾ തുടങ്ങിയ കാർഷികോത്പന്നങ്ങളുടെ ഉപഭോക്താക്കളായുണ്ട് .

ചെറുകിട കർഷകരുടെ ഉത്പ്പന്നങ്ങൾ ന്യായവിലയ്ക്ക് സംഭരിച്ച് വിപണിയിലെത്തിക്കുന്നതിനായി കൃഷിമന്ത്രി മുൻകൈയെടുത്ത് ആരംഭിക്കുകയും, തൃശ്ശൂർ ജില്ലയിൽ പരീക്ഷണാർത്ഥത്തിൽ നടപ്പിലാക്കുകയും ചെയ്ത പദ്ധതിയായ "കർഷകമിത്ര" പഞ്ചായത്തിൽ നടപ്പിലാക്കുകയുണ്ടായി. ഇടത്തട്ടുകാരെ ഒഴിവാക്കി ചില്ലറ വിപണിയിലെ നിരക്കിനൊത്ത വില നൽകുന്നു എന്നത് ഈ പദ്ധതിയുടെ പ്രധാന സവിശേഷതയാണ്. കാർഷിക ഉത്പന്നങ്ങൾ ആവശ്യമനുസരിച്ച് കൃഷിയിടങ്ങളിൽ ചെന്ന് കർഷകമിത്ര എന്ന പേരിൽ നിയമനം നേടിയവർ ശേഖരിക്കും. ഓരോ ദിവസവും വിൽക്കാമെന്ന് ഉറപ്പുള്ള അളവിൽ മാത്രമായിരിക്കും വാങ്ങുക. മറ്റു കർഷകർക്കായി ഉത്പ്പന്നങ്ങൾ എടുത്തു നൽകുന്ന രീതി "കർഷകമിത്രം പദ്ധതിയിലില്ല. ഇടത്തട്ടുകാരെത്തുന്നതോടെ കർഷകന് പരമാവധി വില നൽകാനാവാതെ വരുമെന്നത് തന്നെ കാരണം. കൃഷിക്കാരനിൽ നിന്ന് ഏറ്റെടുക്കുന്ന ഉത്പ്പന്നങ്ങൾക്ക് രൊക്കം പണം നൽകുകയും, അഥവാ വിൽപ്പന നടന്നില്ല എങ്കിലും ആ നഷ്ടം കൃഷിക്കാരൻ വഹിക്കേണ്ടിവരാറില്ല. പുഴയ്ക്കൽ ബ്ലോക്കിന്റെ നേതൃത്വത്തിൽ കർഷകമിത്ര' - യിൽപ്പെടുന്നവർ വീടുകളിൽ നിന്ന് കാർഷിക ഉത്പ്പന്നങ്ങൾ ശേഖരിച്ച് പുറനാട്ടുകരയിൽ അടാട്ട് ഫാർമേഴ്സ് ബാങ്കിന് സമീപത്തുള്ള "സായൂജ് എക്കോ ഷോപ്പ്" വഴിയും വിൽപ്പന നടത്തുന്നു. കാർഷിക മേഖലയിലെ വർദ്ധിച്ച ഉത്പാദന ചെലവും, തൊഴിലാളി ദൗർലഭ്യവും നെൽകൃഷി ചെയ്യുന്ന ഭൂമി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് കാരണമായിട്ടുണ്ട്. തൊഴിലാളി ദൗർലഭ്യം രൂക്ഷമായതിനാൽ, കർഷകർ പ്രധാനമായും അന്യസംസ്ഥാന തൊഴിലാളികളെയാണ് കൃഷി ജോലികൾക്കായി ആശ്രയിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ

ജലസേചനത്തിന് ഉപയോഗിക്കുന്ന "തോടുകൾ", "കനാലുകൾ" തുടങ്ങിയവയുടെ ശോചനീയാവസ്ഥയും കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന പ്രധാന വെല്ലുവിളിയാണ്. യുവജനങ്ങൾ കാർഷിക മേഖലയിൽ നിന്ന് അകന്ന് പോകുന്നത്, വരും കാലങ്ങളിൽ ഈ മേഖലയിൽ രൂക്ഷമായ പ്രതിസന്ധിക്ക് കാരണമാകുന്നതാണ് . നെൽകൃഷിയിലേയ്ക്ക് പുതിയ തലമുറ കടന്നു വരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകത യാണ്. കാർഷിക മേഖലയിലെ യന്ത്രവത്ക്കരണം ഒരു പരിധി വരെ ഈ മേഖലയുടെ മുന്നേറ്റത്തിന് കാരണമായിട്ടുണ്ട്. തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിനായി യുവജനങ്ങൾക്ക് വിവിധ കാർഷികാനുബന്ധ യന്ത്രവത്കരണ മേഖലയിൽ പരിശീലനം നൽകാവുന്നതാണ്. വിളവെടുപ്പ് സമയത്തെ കാലാവസ്ഥാ വ്യതിയാനം പലപ്പോഴും കർഷകരെ ബാധിക്കാറുണ്ട്. നെല്ല് സംഭരിക്കുന്നതിന് ഗവൺമെന്റ് ചുമതലപ്പെടുത്തുന്ന മില്ലുടമകൾ കർഷകരെ ചൂഷണം ചെയ്യുന്ന അവസ്ഥ ചില സമയങ്ങളിൽ ഉണ്ടാകാറുണ്ട്. ഗവൺമെന്റുമായി ഉണ്ടാക്കുന്ന കരാറുകൾ മിൽ ഉടമകൾ ലംഘിക്കുന്നത് മൂലം സംഭരണത്തിന് വരുന്ന ചിലവും കർഷകർ വഹിക്കേണ്ട സാഹചര്യം ഉണ്ടാകാറുണ്ട്. അടാട്ട് പഞ്ചായത്തിലെ പുറനാട്ടുകരയിൽ വാർഡ് 13 ൽ സ്ഥിതി ചെയ്യുന്ന ഫാർമേഴ്സ് റൈസ് മിൽ ഗോഡൗൺ മുൻകാലങ്ങളിൽ കർഷകരുടെ കൂട്ടായ്മയിലുള്ള തൃശ്ശൂർ ജില്ലയിലെ മൊത്തം നെല്ല് സംഭരണ, വിതരണ കേന്ദ്രമായിരുന്നു. എന്നാൽ നിലവിൽ ഇത് വെറും സംഭരണ, വിതരണ കേന്ദ്രം മാത്രമാണ്.

ആധുനിക മെഷിനറികൾ ഉപയോഗിച്ചുള്ള റൈസ് മില്ലായി ഈ സ്ഥാപനം നവീകരിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രാദേശിക ഉത്പന്ന ങ്ങൾ ഉണ്ടാക്കുകയും വിപണനം നടത്തുകയും ചെയ്യേണ്ടതുണ്ട്. കാർഷിക മേഖലയിലേയ്ക്ക് യുവതലമുറയെ ആകർഷിക്കുന്നതിനായി നൂതന കാർഷിക സമ്പ്രദായങ്ങൾ സ്വീകരിക്കേണ്ടതുമുണ്ട്. പഞ്ചായത്തിലെ "കുളങ്ങൾ", "ചാലുകൾ", "തോടുകൾ" എന്നിവ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലൂടെ, നെൽകൃഷിയുൾപ്പടെ മറ്റ് കൃഷികൾക്കും ജലസേചനം ഉറപ്പാക്കുവാൻ സാധിക്കുകയും, ഇത് കാർഷിക മേഖലയുടെ വികാസത്തിന് ഉപകരിക്കുകയും ചെയ്യുന്നതാണ് .

ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിന് ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും, ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്. കാർഷിക മേഖലയിലെ വർദ്ധിച്ച ഉല്പാദനച്ചെലവും തൊഴിലാളി ദൌർലഭ്യവുംപരിഹരിക്കുന്നതിനും , തരിശു ഭൂമിയിൽ കൃഷി ചെയ്യുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായുള്ള കൂടുതൽ പദ്ധതികൾ ആവിഷ് കരിച്ച് നടപ്പിലാക്കുകയും, പഞ്ചായത്തിലെ ഇടപെടലിലൂടെ ജലസേചന സൗകര്യം

മെച്ചപ്പെടുത്തി തരിശുഭൂമികൾ കൃഷിയോഗ്യമാക്കുകയും, വിപുലമായ വിപണന ശൃംഖല സക്രിയമാക്കുകയും ചെയ്യേണ്ടതുണ്ട് .

പഞ്ചായത്തിലെ പ്രധാന കാർഷികവിളകളായ നെല്ല് , തെങ്ങ് എന്നിവയോടൊപ്പം വാഴകൃഷി, പച്ചക്കറികൃഷി, സുഗന്ധവ്യഞ്ജന കൃഷി എന്നിവയും പ്രോത്സാഹിപ്പിക്കേണ്ടതായിട്ടുണ്ട് പച്ചക്കറികൃഷിയിൽ ഇനിയും പഞ്ചായത്തിന് സ്വയംപര്യാപ്തത നേടുവാനായിട്ടില്ല എന്നതിനാൽ വാർഡ് അടിസ്ഥാനത്തിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുകയും സംസ്ഥാന കൃഷിവകുപ്പിന്റെ 'ഞങ്ങളും കൃഷിയിലേക്ക് ' പദ്ധതി സംയോജിപ്പിച്ചുകൊണ്ട് പഞ്ചായത്തിലെ മുഴുവൻ ജനങ്ങളെയും കൃഷിയിലേക്ക് ഇറക്കേണ്ടതും സാദ്ധ്യമായ എല്ലാ സ്ഥലങ്ങളിലും തരിശ് ഭൂമി ഉൾപ്പെടെ കൃഷിയോഗ്യമാക്കിക്കൊണ്ട് പഴം - പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കേണ്ടതായിട്ടുണ്ട് . ഇതിനോടൊപ്പം കുരുമുളക്, ജാതി, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ ഇടവിളകൃഷികളും പ്രോത്സാഹിപ്പിക്കേണ്ടതായിട്ടുണ്ട്.

ഗാർഹികമായി ഉത്പാദിപ്പിക്കപ്പെടുന്ന ചെറുപഴങ്ങൾ വിപണനം ചെയ്യുവാൻ സാധിക്കാത്ത അവസ്ഥ നിലവിലുള്ളതിനാൽ സംസ്കരണത്തിനും മൂല്യവർധനവിനും പ്രാധാന്യം നൽകേണ്ടതായിട്ടുണ്ട്. അതുവഴി കർഷകരുടെ വരുമാന വർദ്ധനവിന് സഹായകമാകുന്നതാണ്. ഉല്പാദന ക്ഷമത വർധിപ്പിക്കുന്നതിന് ഉതകുന്ന തരത്തിൽ പദ്ധതികൾ രൂപീകരിക്കണം നിലവിൽ ചെയ്തുവരുന്ന കൃഷികൾക്കുള്ള പ്രോത്സാഹനം തുടരണം തരിശ് സ്ഥലങ്ങൾ കണ്ടെത്തി പരമാവധി കൃഷിയോഗ്യമാക്കണം യുവജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കുന്ന രീതിയിലുള്ള പദ്ധതികൾ രൂപീകരിക്കണം.

2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള അടാട്ട് ഗ്രാമപഞ്ചായത്തിന്റെ ഡാറ്റാ ബാങ്ക് അസാധാരണ ഗസറ്റ് 207 വാല്യം 10 തിയതി 20-1-2021 ന് വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്.


ADAT KRISHI BHAVAN DATA BANK 2008
THRISSUR DISTRICT
N
P
P1
P2
Paddy
WB
WB1
Water body
WL
Water logged
C
C1
C2
C3
Paddy Converted
MS
MS 1
Mixed settlement / mixed crop
RD
Road
Legend
Village boundary
To be included in data bank
To be excluded from data bank
To be included - Need field verification
0
1
2
Kilometers

**പഞ്ചവത്സര പദ്ധതിയിൽ ( 2022- 2027) നടപ്പിലാക്കേണ്ട പ്രധാന പദ്ധതികൾ**

- സമഗ്ര നെൽകൃഷി വികസനം - കൃഷിക്കുള്ള ഉൽപാദന ഉപാധികൾ സബ്സിഡി നിരക്കിൽ വിതരണം
- സുഭിക്ഷ കേരളം പദ്ധതി – ഫല വൃക്ഷത്തൈ വിതരണം
- പച്ചക്കറി കൃഷി വികസനം – വിത്ത്, മറ്റ് ഉത്പാദന ഉപാധികൾ വിതരണം, ഗ്രോ ബാഗ് കൃഷി
- ഇടവിളകൃഷി പ്രോത്സാഹനം
- പഴം – പച്ചക്കറി സംസ്കരണ യൂണിറ്റ്

**2022 – 23 വർഷത്തെ പദ്ധതികൾ**

- നെൽകൃഷി വികസനം – സൗജന്യമായി വിതരണം.
- ഞങ്ങളും കൃഷിയിലേക്ക് പദ്ധതി – പച്ചക്കറി കൃഷി വികസനം, വിത്ത്, മറ്റ് ഉൽപാദന ഉപാധികൾ വിതരണം.
- സുഭിക്ഷ കേരളം – ഫലവൃക്ഷത്തൈ വിതരണം.
- ഇടവിളകൃഷി പ്രോത്സാഹനം – വാഴക്കന്ന് വിതരണം , ഇഞ്ചി, മഞ്ഞൾ കൃഷി വിത്ത് വിതരണം.
- തെങ്ങു കൃഷി വികസനം.
- മട്ടുപാവിൽ കൃഷി വികസനം– ഗ്രോബാഗ് വിതരണം.

## വ്യവസായിക മേഖല

അടാട്ട് ഗ്രാമപഞ്ചായത്തിലെ കൃഷിയുടെ പ്രാമുഖ്യവും ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്ന സംസ്ഥാന പാത; സമീപത്തുകിടക്കുന്ന തൃശ്ശൂർ കോർപ്പറേഷൻ എന്നിവയുടെ സ്വാധീനത്താൽ ഉണ്ടാകുന്ന വിപണന സാധ്യത എന്നിവ കണക്കിലെടുക്കുമ്പോൾ ഈ പഞ്ചായത്തിൽ കാർഷികാടിസ്ഥാന ചെറുകിട വ്യവസായങ്ങൾക്ക് സാധ്യത വളരെയേറെയാണ്.

### 1996 ലെ അവസ്ഥ

അന്നും വ്യവസായങ്ങൾ പൊതുവേ കുറവായ പഞ്ചായത്താണ് അടാട്ട്. വൻകിട വ്യവസായങ്ങൾ ഇവിടെയുണ്ടായിരുന്നില്ല . നെൽ, കൊപ്ര പൊടിക്കുന്ന മില്ലുകൾ, എഞ്ചിനീയറിങ് സ്ഥാപനങ്ങൾ, വൈരക്കൽ സംസ്ക്കരണ കേന്ദ്രങ്ങൾ , കുടിൽമേഖല യിലെ ഏതാനും യൂണിറ്റുകൾ എന്നതിൽ വ്യവസായമേഖല പരിമിതപ്പെട്ടിരുന്നു. 58 ചെറുകിട വ്യവസായങ്ങളും, 50 ൽ താഴെ തൊഴിൽ, കുടിൽ വ്യവസായ സ്ഥാപനങ്ങൾ മാത്രമാണ് അന്നുണ്ടായിരുന്നത് .

### നിലവിലെ അവസ്ഥ

അന്നത്തേതിൽ നിന്നും ഈ മേഖല വളരെയേറെ മുന്നോട്ടു പോയിരിക്കുന്നതായി കാണാം. അടാട്ട് ഗ്രാമപഞ്ചായത്തിൽ നിലവിൽ ചെറുകിട ഇടത്തരം സംരംഭങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ളത് 186 എണ്ണമാണ്. നിലവിലുള്ള കാർഷികാടിസ്ഥാന ചെറുകിട വ്യവസായങ്ങൾ 28 എണ്ണമാണ്. അടാട്ട് ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ സർക്കാർ മേഖലയിൽ പ്രവർത്തിച്ചുവരുന്ന ഖാദി പ്രൊഡക്ഷൻ സെൻററിൽ 40 തൊഴിലാളികൾ ജോലി ചെയ്തു വരുന്നു. അവിണിശ്ശേരി ഖാദിയിൽനിന്നും ലഭിക്കുന്ന കോട്ടണിൽ നിന്നും പ്രതിമാസം 1000 ഖാദി മുണ്ടുകൾ ഇവിടെ ഉൽപ്പാദിപ്പിച്ച് തിരിച്ച് അവിണിശ്ശേരി ഖാദിയിലേക്കു തന്നെ എത്തിക്കുകയാണ് ചെയ്യുന്നത്. പഞ്ചായത്തിലെ പതിനെട്ടാം വാർഡിൽ ചിറ്റിലപ്പിള്ളി അടാട്ട് റോഡിൽ സ്വകാര്യ മേഖലയിൽ സ്ഥിതിചെയ്യുന്ന ഐശ്വര്യ ഇക്കോബാഗ് യൂണിറ്റിൽ 5 തൊഴിലാളികൾ ജോലി ചെയ്തു വരുന്നു. തുണിബാഗ്, പേപ്പർ ബാഗ്, മാസ്ക് എന്നീ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നത്. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കടകളിൽ വിപണനം ചെയ്യുന്നു. ചിറ്റിലപ്പിള്ളിയിൽ പ്രവർത്തിക്കുന്ന